**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6591** **21.11.2019-ലെ മറുപടിക്ക്**

**'ഭൂമി പോക്കുവരവ് ചെയ്ത് നൽകുന്നതിന് നടപടി'**

**ചോദ്യം**
**ശ്രീ.വി.പി.സജീന്ദ്രൻ**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ ചിറ്റാർ വില്ലേജിൽ എ.വി.റ്റി. കമ്പനി ഇരുപത് വർഷം മുമ്പ് പലർക്കായ് വിറ്റ ഭൂമി ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോക്ക് വരവ് ചെയ്ത് കൊടുത്തിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | കെ.എൽ.ആർ. ആക്ട് പ്രകാരം ബഹു. ഹൈക്കോടതി കേസ് തീർപ്പാക്കിയിട്ടുള്ള ഗണത്തിൽപെട്ട പ്രസ്തുത ഭൂമി പോക്കുവരവ് ചെയ്യുന്നതിന് സർക്കാർ നിർദ്ദേശം ഉണ്ടായിട്ടും അവയെല്ലാം അവഗണിച്ച് അത്തരത്തിലുള്ള ഭൂമി പോക്ക് വരവ് ചെയ്ത് കൊടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഇല്ല . |
| (സി) | സാധാരണക്കാരായ നിരവധിപേർ ഈ ഗണത്തിൽപ്പെട്ട ഭൂമി പോക്ക് വരവ് ചെയ്യുന്നതിനായ് ചിറ്റാർ വില്ലേജിൽ അപേക്ഷിച്ചിരിക്കുന്നതിനാൽ ഈ വസ്തു നിയമപരമായി പോക്ക് വരവ് ചെയ്ത് നൽകുന്നതിന് യാതൊരു തടസ്സവും ഇല്ലെന്നിരിക്കെ, പൊതുജനങ്ങൾക്കുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന്, ഈ ഭൂമിപോക്ക് വരവ് ചെയ്ത് നൽകുന്നതിന് വില്ലേജാഫീസർക്ക് നിർദ്ദേശം നൽകുമോ ; വ്യക്തമാക്കുമോ? | (സി) | തോട്ടം ഭൂമി സംബന്ധിച്ച് 06/06/2019-ലെ സ.ഉ.(കൈ) നം.172/2019/റവ. ഉത്തരവ് പ്രകാരം ഹാരിസൺ മലയാളം ലിമിറ്റഡും സമാനമായ മറ്റ് കമ്പനികളും കൈവശം വച്ചിരുന്ന തോട്ടം ഭൂമിയുടെ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിന് സിവിൽ കേസ് ഫയൽ ചെയ്യുന്നതിനും ഉടമസ്ഥാവകാശം സംബന്ധിച്ച് സർക്കാർ ഫയൽ ചെയ്യുന്ന കേസിലെ വിധിക്ക് വിധേയം എന്ന വ്യവസ്ഥയോടെ കരം സ്വീകരിക്കുന്നതിനും തീരുമാനിച്ച് ഉത്തരവായിട്ടുള്ളതാണ്. എ.വി.റ്റി.യുടെ ഭൂമി പ്രസ്തുത ഗണത്തിൽപ്പെട്ടതാണെങ്കിൽ സിവിൽ കേസിലെ അന്തിമ വിധിക്ക് വിധേയം എന്ന് രേഖപ്പെടുത്തി കരം അടച്ച് കൊടുക്കുന്നതിന് തടസ്സമില്ലാത്തതാണെന്നും മറ്റ് കാര്യങ്ങളിന്മേൽ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാമെന്നും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം പാലിക്കുന്നതിനായി കോന്നി തഹസിൽദാർക്കും ചിറ്റാർ വില്ലേജ് ആഫീസർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**